
ചന്ദ്രിക

## വദ്വാനിക്കും വാങ്ചുകിനും പുരസ്കാരം

# മഗ്സസെയിൽ ഇന്ത്യൻ തിളക്കം

മനില: ഏഷ്യയുടെ നോബൽ പുരസ്കാരമെന്ന് വിശേഷിപ്പിക്കുന്ന രമൺ മഗ്സസെ പുരസ്കാരത്തിളക്കത്തിൽ ഇന്ത്യയും. രണ്ട് പുരസ്കാരങ്ങളാണ് ഇന്ത്യക്ക് ലഭിച്ചത്. സാമൂഹ്യ, പരിസ്ഥിതി പ്രവർത്തനങ്ങളെ മുൻ നിർത്തിയാണ് ഭരത് വദ്വാനിയും സോനം വാങ്ചുകും പുരസ്കാരം നേടിയത്.

പൊതുസേവനം, സാമുദായിക നേതൃത്വം, പത്ര പ്രവർത്തനം, സർക്കാർ സേവനം, സമാധാനം എന്നിവ കണക്കിലെടുത്ത് ഫിലിപ്പിൻസ് സർക്കാർ നൽകുന്ന പുരസ്കാരമാണ് മഗ്സസെ. ഫിലിപ്പിൻസ് പ്രസിഡണ്ട് രമൺ മഗ്സസെയുടെ ഓർമ്മയ്ക്കായാണ് പുരസ്കാരം നൽകുന്നത്. തെരുവിൽ അലയുന്ന മാനസിക വെല്ലുവിളി നേരിടുന്ന



*ഭരത് വദ്വാനി, സോനം വാങ്ചുക്*

ആയിരക്കണക്കിന് പേരെ ചികിത്സിച്ച് കുടുംബങ്ങളിലേക്ക് തിരിച്ചയ്ക്കുന്ന മഹത്തായ പ്രവർത്തനം കണക്കിലെടുത്താണ് ഭരത് വദ്വാനിക്ക് പുരസ്കാരം ലഭിച്ചത്. സംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ സാമുഹ്യപുരോഗതിയ്ക്കായി നടത്തിയ പ്രവർത്തനങ്ങളാണ് പരിസ്ഥിതി പ്രവർത്തകൻ കൂടിയായ വാങ്ചുകിനെ പുരസ്കാരത്തിന് അർഹനാക്കിയത്. നിലവിലെ വിദ്യാഭ്യാസ രീതികളെ പൊളിച്ചെഴുതുന്ന രീതിയിലാണ് വാങ്ചുകിയുടെ പ്രവർത്തനങ്ങൾ.

രാജ് കുമാർ ഹിരാനിയുടെ 'ത്രീ ഇഡിയറ്റ്സ്' എന്ന ചിത്രത്തിൽ ആമിർഖാൻ ചെയ്ത കഥാപാത്രം സോനം വാങ്ചുകിയിൽ നിന്ന് പ്രചോദനം ഉൾകൊണ്ട് രൂപപ്പെട്ടതാണ്. കംബുച്ചിയയുടെ യുക് ചാങ്, കിഴക്കൻ തിമൂറിന്റെ മരിയ ഡി ലോർദേസ് മാർട്ടിൻസ്, ഫിലിപ്പൈൻസിന്റെ വോ തീ, വിയറ്റ്നാമിന്റെ ഹോങ് യെൻ എന്നിവരാണ് മറ്റു പുരസ്കാര ജേതാക്കൾ.

ഓഗസ്റ്റ് 31ന് ഫിലിപ്പിൻസിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം ജേതാക്കൾക്ക് സമ്മാനിക്കും.